തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 1953–54 വർഷത്തിൽ ലോക്കൽ ഡവലപ്പ്മെന്റ് വർക്കുകൾക്കായി യാതൊരു തുകയും അനുവദിച്ചിട്ടില്ല.

(ബി) & (സി) (എ)–യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്. ടി ഇനത്തിൽ 30,85,000 രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു.

(ഇ) പ്രസ്തുത തുകയിൽ നിന്നും 1955 മാർച്ച് അവസാനം വരെ 1,085,48 രൂപ ചെലവായിട്ടുണ്ട്.

ക്ഷയരോഗസർവ്വെ.

* 88. [27] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ക്ഷയരോഗസർവ്വെ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു നടത്തി;

(സി) സംസ്ഥാനത്തെ ക്ഷയരോഗികളുടെ എണ്ണം എത്ര;

(ഡി) ക്ഷയരോഗനിവാരണത്തിനു് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം;

(ഇ) അടുത്ത പഞ്ചവത്സരപദ്ധതിയിൽ ക്ഷയരോഗനിവാരണത്തിനു വല്ല പദ്ധതിയും ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എന്തെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വ്യാപകമായ രീതിയിൽ ബി. സി. ജി. കുത്തിവയ്പ് നടത്തിവരുന്നു. കൂടാതെ നിലവിലുള്ള ക്ഷയരോഗാശുപത്രികളിൽ കൂടുതൽ വാർഡുകൾ പണി കഴിപ്പിക്കുക, താലൂക്ക് ഹെഡ്കോർട്ടേഴ്സ് ആശുപത്രികളിൽ റ്റി. ബി. സി. വാർഡുകൾ പണി കഴിപ്പിക്കുക, നിലവിലുള്ള റ്റി. ബി. ക്ലിനിക്കുകളിൽ കിടക്കകൾ വർദ്ധിപ്പിക്കുക, പുതുതായി ക്ഷയരോഗ ആശുപത്രികൾ സമാപിക്കുക മുതലായ നടപടികളും എടുത്തുവരികയാണ്.

(ഇ) ഉണ്ട്.

(എഫ്) ബി. സി. ജി. കുത്തിവയ്പ് രാജ്യവ്യാപകമായി തുടരുന്നതിനും, പുതിയ ക്ഷയരോഗാശുപത്രികൾ സ്ഥാപിക്കുക, നാഗർകോവിലിലും മുളംകുന്നത്തുകാവിലും, കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു വാർഡുകൾ പുതുതായി പണി കഴിപ്പിക്കുക, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കൊല്ലം എന്നിവിടങ്ങളിലെ ക്ലിനിക്കുകളിലും, റ്റി. ബി. സെന്ററിലും കിടക്കകൾ വർദ്ധിപ്പിക്കുക, ഓരോ താലൂക്കിലേയും പ്രധാന ആശുപത്രിയോടനുബന്ധിച്ച് ക്ഷയരോഗചികിത്സയ്ക്കായി Isolation

LIBRARY ARCHIVES Kerala Legislative Assembly

Ward കൂടി പണി കഴിപ്പിക്കുക, എല്ലാവിധ നവീനോപകരണങ്ങളോടുകൂടിയ ഒരു "Thoracic Surgery Department" മെഡിക്കൽ കോളേജ് ആശുപത്രിയിൽ എർപ്പെടുത്തുന്നതിനുള്ള മുതലായവയ്ക്കു വേണ്ട പദ്ധതികൾ അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതികൾ പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരത്തിനു വിധേയമാണ്.

ഉപഷാപ്പുകൾ.

* 89. [28] ശ്രീ. കെ. ടി. തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ഡിസ്ട്രിക്റ്റിൽ അനധികൃതമായി വളരെയധികം ഉപഷാപ്പുകൾ നടത്തുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു തടയുന്നതിനു ഗവണ്മെന്റ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഉണ്ട്.

(ബി) അനധികൃത മദ്യവില്പനയെ തടയുന്നതിനു കർശനമായ നടപടികൾ എടുക്കുവാൻ റവന്യൂബോർഡിനു നിർദ്ദേശം നൽകിയിട്ടുണ്ട്.

കള്ളുമാവു് വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി.

* 90. [30] ശ്രീ. കെ. പി. ഹാർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് വനങ്ങളിൽ കള്ളുമാവു് വച്ചുപിടിപ്പിക്കുന്നതിനു ഗവണ്മെന്റിനു വല്ല പദ്ധതിയുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) മഞ്ഞപ്ര പഞ്ചായത്തിലായിൽപ്പെട്ട കാരക്കാട്ട് മൈനർ റിസർവ് കള്ളുമാവു് വച്ചുപിടിപ്പിക്കുന്നതിനു തെരഞ്ഞെടുത്തിട്ടുണ്ടോ;

(ഡി) ടി മൈനർ റിസർവ് മഞ്ഞപ്ര-മാണിക്കമംഗലം വില്ലേജുകളിലെ പൊതുജനങ്ങൾ അവരുടെ കന്നുകാലി മേച്ചിലിനും പച്ചിലവളം എടുക്കുന്നതിനും ആയി ഉപയോഗപ്പെടുത്തിയിരുന്നതാണോ;

(ഇ) മഞ്ഞപ്ര പഞ്ചായത്തു് മേൽപറഞ്ഞ സംഗതിയെപ്പറ്റി എന്തെങ്കിലും പരാതി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി എടുത്തിട്ടുണ്ട്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) മലയാറ്റൂർ ഡിവിഷനിൽ കാരക്കാട്, താന്നിക്കോട് എന്നീ സർവ്വകളിൽ വെട്ടിത്തെളിച്ചു സ്ഥലത്തും തൃശ്ശൂർ, തിരുവനന്തപുരം, ചാലക്കുടി, പുനലൂർ എന്നീ ഡിവിഷനുകളിൽപ്പെട്ട എതാനും

LIBRARY ARCHIVES Kerala Legislative Assembly